## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 716**      **29/10/2019-ൽ മറുപടിയ്ക്ക്**

## കേരളാ ബാങ്ക് രൂപീകരണനിബന്ധനകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളാ ബാങ്ക് രൂപീകരണം സംബന്ധിച്ച റിസർവ് ബാങ്ക് നിബന്ധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മലപ്പുറം ഒഴികെയുള്ള 13 ജില്ലാസഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ട് വന്ന വകുപ്പ് 14 A ഭേദഗതി സംബന്ധിച്ചുള്ള കേസ്സുകളിൽ ബഹു. കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. |
| (ബി) | ജില്ലാ സഹകരണ ബാങ്കുകളുടെ ലയനശേഷമുള്ള ബാങ്കിൽ അംഗ സംഘങ്ങളുടെ ഓഹരി വീതം വയ്പ് എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (ബി) | ഈ വിഷയത്തിലെ വിവിധ വശങ്ങൾ പരിശോധിച്ചും റിസർവ്വ് ബാങ്ക് വ്യവസ്ഥ പാലിച്ചും ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (സി) | സംസ്ഥാന സഹകരണ ബാങ്കിന്റെ റിസർവ് ബാങ്ക് ലൈസൻസ് കേരളാ ബാങ്കിനായി തുടരുമോ; ഇതിനായി പ്രത്യേകം ലൈസൻസ് എടുക്കേണ്ടതുണ്ടോ; ജില്ലാ ബാങ്കുകളുടെ ലൈസൻസ് റിസർവ് ബാങ്കിന് സറണ്ടർ ചെയ്യേണ്ടതായി വരുമോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാന സഹകരണ ബാങ്കിന്റെ ആർ.ബി.ഐ ലൈസൻസ് കേരള ബാങ്കിനായി തുടരും. ഇതിനായി പ്രത്യേക ലൈസൻസ് എടുക്കേണ്ടതില്ല. കേരള ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതോടെ ജില്ലാ സഹകരണ ബാങ്കുകളുടെ ലൈസൻസ് റിസർവ്വ് ബാങ്കിന് സറണ്ടർ ചെയ്യേണ്ടി വരും. |
| (ഡി) | കേരളാ ബാങ്കിന്റെ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | അർബൻ സഹകരണ ബാങ്കുകൾക്ക് റിസർവ്വ് ബാങ്ക് അനുവദിച്ചിട്ടുള്ള ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടനയായിരിക്കണം കേരള ബാങ്കിനും ഉണ്ടാവേണ്ടത് എന്ന് റിസർവ്വ് ബാങ്ക് നിബന്ധന വച്ചിട്ടുണ്ട്. ആയതിനാൽ ടി ഘടനയായിരിക്കും കേരള ബാങ്കിലും ഉണ്ടാവുക. |

**സെക്ഷൻ ഓഫീസർ**